# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 942 01.03.2017 -ൽ മറുപടിയ്ക്ക്**

## പലകപ്പാണ്ടി ഡൈവേർഷൻ സ്കീം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ബാബു | | മാത്യു റ്റി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പലകപ്പാണ്ടി ഡൈവേർഷൻ സ്കീം നടപ്പിലാക്കിയിട്ടും ചുള്ളിയാർ ഡാമിൽ ആവശ്യത്തിന് വെള്ളം എത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. 2013 വർഷത്തിൽ ഏകദേശം 75% വും, 2015 വർഷത്തിൽ 65% വും ചുള്ളിയാർ ഡാമിന്റെ ജലസംഭരണി നിറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം മഴ കുറവായതിനാൽ 10% ത്തിൽ താഴെ മാത്രമേ ജലം സംഭരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. |
| (ബി) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ കൃഷിക്കാർ പൂർണ്ണമായും ആശ്രയിക്കുന്ന ജലസേചന പദ്ധതിയായ ചുള്ളിയാർ ഡാം നിറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>സി) 'സീതാർക്കുണ്ട് വെള്ളച്ചാട്ടം' ഉപയോഗപ്പെടുത്തി ചുള്ളിയാർ ഡാം നിറയ്ക്കുന്ന പദ്ധതി ആലോചനയിലുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) & (സി) | ഉണ്ട്.<br>സീതാർകുണ്ടിൽ നിന്നും ഒഴുകി വരുന്ന ജലം അണകെട്ടി വെള്ളം ചുള്ളിയാർ ഡാമിലേക്ക് എത്തിക്കുകയാണെങ്കിൽ ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കാൻ സാധിക്കും. ആയതിനുള്ള ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ